(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് നടത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ജലസേചനം ഉൾപ്പെടെയുള്ള ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. മറ്റ് അടിസ്ഥാന സൗകര്യങ്ങളായ ലേബർ പടി, വിപണന കൗണ്ടർ ക്വാർട്ടേഴ്സ്, കാറ്റിൽ ഷെഡ് എന്നിവയുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമുള്ള ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട്. Capital outlay, RKVY, RIDF എന്നിവയിൽ ഈ വർഷം ഉക അനുവദിച്ചിട്ടുണ്ട്.

(സി) ഫാമുകളുടെ ശാക്തീകരണത്തിലും ആധുനികവൽക്കരണത്തിലും സൗന്ദര്യവൽക്കരണത്തിലും ഫാമുകളുടെ ഇടയിൽ മത്സരബുദ്ധി ഉളവാക്കുന്നതിന് കാര്യക്ഷമവും ഉല്പാദനമേഖലയിൽ മികവും കാട്ടുന്ന ഫാമുകൾക്ക് സമ്മാനപദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം ഒന്നാം സമ്മാനമായി 15 ലക്ഷം രൂപയും രണ്ടാം സമ്മാനമായി 10 ലക്ഷം രൂപയും മൂന്നാം സമ്മാനമായി 5 ലക്ഷം രൂപയുമാണ് നൽകുന്നത്.

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. തുടർനടപടികൾ നടന്നുവരുന്നു.

നെൽകർഷകരുടെ പ്രശ്നങ്ങൾ

289 (1730) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരിൽനിന്നും സംഭരിക്കുന്ന നെല്ലിന് യഥാസമയം വിലനൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനില്ക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്ര സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(സി) ഇത്തരം കർഷകർക്ക്, സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാൻ കഴിയാത്തതു കാരണം വായ്പാ തിരിച്ചടവ് യഥാസമയം നടത്താൻ കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കർഷകർക്ക് വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെല്ലിന്റെ സംഭരണ വില നൽകുന്നത് സപ്ലൈകോയാണ്. കേന്ദ്ര സർക്കാരിൽനിന്നും സബ്സിഡി ലഭിക്കുന്നതിന് കാലതാമസമുണ്ടായ അവസരങ്ങളിൽ നെല്ലിന്റെ വില നൽകുന്നതിൽ താമസമുണ്ടായിട്ടുണ്ട്. ഈ സീസണിൽ (2014-15 ഒന്നാം സീസൺ) സംഭരിച്ച നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) കേന്ദ്ര സബ്സിഡി യഥാസമയം ലഭിക്കുന്നതിനായി കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്തതിന്റെ വിവരങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതോടെയാണ് കേന്ദ്ര സബ്സിഡി അനുവദിക്കുന്നത്.

(സി&ഡി) ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോ യഥാസമയം നൽകി വരുന്നുണ്ട്.

പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി

290 (1731) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ എത്തിക്കുന്ന പച്ചക്കറികളിലും പഴങ്ങളിലും മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കീടനാശിനികളാണ് ഇവയിൽ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത് ; ഇത്തരത്തിലുള്ള കീടനാശിനി പ്രയോഗംമൂലം മനുഷ്യർക്ക് എന്തൊക്കെ അസുഖങ്ങളാണ് പിടിപെടുന്നത് എന്ന് വിശദമാക്കാമോ ;

(ബി) കീടനാശിനികൾ തളിച്ച പച്ചക്കറികൾ കേരളത്തിലേക്ക് എത്തുന്നത് തടയാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെ ; കേരളത്തിലേക്കെത്തുന്ന പച്ചക്കറികൾക്ക് എവിടെയൊക്കെയാണ് ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നത് ;

(സി) പരിശോധനയിൽ മാരകമായി കീടനാശിനി തളിച്ചിട്ടുണ്ട് എന്ന് വ്യക്തമാകുന്ന പച്ചക്കറികളും പഴങ്ങളും നശിപ്പിക്കാൻ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതു മാർഗ്ഗത്തിലൂടെയാണ് ഇവ നശിപ്പിക്കുക ; എത്ര ടൺ പച്ചക്കറികളും പഴങ്ങളുമാണ് ഇത്തരത്തിൽ നശിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly